**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്തിലെ ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ. സി.ജെ. വർഗ്ഗീസിനെതിരെ തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സ്വീകരിച്ച അച്ചടക്ക നടപടികൾ റദ്ദ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==============================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.934/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 29.03.2017

==============================================================

പരാമർശം: 1. റിട്ടയേർഡ് പഞ്ചായത്ത് സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി ശ്രീ. സി.ജെ. വർഗ്ഗീസ് 19.03.2014-ൽ സമർപ്പിച്ച അപ്പീൽ അപേക്ഷ

2. തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 31.12.1999-ലെ ഇ 5-462/96 നമ്പർ നടപടിക്രമം

3. തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 01.03.2000-ലെ ഇ 5-6746/98 നമ്പർ നടപടിക്രമം

4. പഞ്ചായത്ത് ഡയറക്ടറുടെ 30.01.2014-ലെ ഡി7-7256/13 നമ്പർ നടപടിക്രമം

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്തിൽ ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ. സി.ജെ. വർഗ്ഗീസിനെ 10.01.1996-ലും, 18.05.1998-ൽ ഒല്ലൂക്കര ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായിരിക്കെയും തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വിളിച്ചുചേർത്ത ഉദ്യോഗസ്ഥരുടെ യോഗത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ അധിക്ഷേപിച്ച് സംസാരിച്ച് യോഗം അലങ്കോലപ്പെടുത്തി എന്നി കുറ്റങ്ങൾ മുൻനിർത്തി ടിയാനെതിരെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അച്ചടക്ക നടപടി ആരംഭിക്കുകയും ടിയാന്റെ 2 വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെ തടയുക എന്ന ശിക്ഷ 2 കേസ്സിലും പരാമർശം (2), (3) എന്നിവ പ്രകാരം നൽകി തീർപ്പാക്കിയിരുന്നു.

തനിക്കെതിരെ സ്വീകരിച്ച എല്ലാ ശിക്ഷാ നടപടികളും റദ്ദ് ചെയ്ത് സസ്പെൻഷൻ കാലം ഡ്യൂട്ടിയായി പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രസ്തുത ഉത്തരവുകൾക്കെതിരെ ടിയാൻ പഞ്ചായത്ത് ഡയറക്ടർക്ക് അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാന്റെ അപേക്ഷ പഞ്ചായത്ത് ഡയറക്ടർ വിശദമായി പരിശോധിക്കുകയും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സ്വീകരിച്ച അച്ചടക്ക നടപടി റദ്ദ് ചെയ്ത് സസ്പെൻഷൻ കാലം സേവനകാലമായി പരിഗണിക്കാൻ തക്ക കാരണങ്ങളൊന്നും കാണാത്തതിനാലും, പ്രസ്തുത കുറ്റങ്ങൾക്ക് നല്കിയിട്ടുള്ള ശിക്ഷ അധികമാണെന്ന് കണ്ടതിന്റെയും അടിസ്ഥാനത്തിൽ ടിയാനെതിരെ ചുമത്തിയിട്ടുള്ള 2 വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെ 2 വർഷത്തേക്ക് തടയുന്നു എന്നത് "2 വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ തടയുന്നു" എന്ന് ഇളവ് വരുത്തി പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു.

പ്രസ്തുത ഉത്തരവിനെതിരെയാണ് ശ്രീ സി.ജെ. വർഗ്ഗീസ്സ് സർക്കാരിൽ പരാമർശം (1) പ്രകാ അപ്പീൽ അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. അപ്പീൽ അപേക്ഷയിൽ, വസ്തുതകൾ പരിശോധിക്കാതെ അന്യായമായി വ്യാജ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പുറപ്പെടുവിച്ച സസ്പെൻഷൻ ഉത്തരവ് റദ്ദ ചെയ്യണമെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തനിക്കില്ലാത്ത അധികാരം ഉപയോഗിച്ച് അന്യായമായി ശിക്ഷ വിധിച്ച് 4 വാർഷിക വർദ്ധനകൾ തടഞ്ഞതു റദ്ദ ചെയ്യണമെന്നും 2 സസ്പെൻഷൻ കാലവും ഡ്യൂട്ടിയായി പരിഗണിച്ച് വേതനത്തിന് കൽപ്പനയുണ്ടാകണമെന്നും അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി ടിയാനെ 02.02.2016-ൽ നേരിൽ കേട്ടു.

ശ്രീ. സി.ജെ. വർഗ്ഗീസിനെ നേരിൽ കേട്ടതിന്റെയും പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ചു.

സർക്കാരിന്റെ പൊതു/വിശേഷാൽ ഉത്തരവുകൾ പ്രകാരം അപ്രകാരം ഏൽപ്പിച്ച് നൽകിയിട്ടുള്ള പക്ഷം, സർക്കാരിന്റെ റിവിഷൻ അധികാരം നിലനിർത്തിക്കൊണ്ടും സബോർഡിനേറ്റ് സർവ്വീസിലെ ഉദ്യോഗസ്ഥന്റെ ശമ്പളത്തിൽ നിന്ന് തുക വസൂലാക്കുന്ന ശിക്ഷ ചുമത്താൻ അധികാരമില്ലാത്ത മേലധികാരിക്കോ, ശിക്ഷണ നടപടി ഏൽപ്പിച്ചു നൽകിയ അധികാരിക്കോ ടി ശിക്ഷ ചുമത്താൻ കഴിയില്ല എന്ന വ്യവസ്ഥയിൽ, സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസിലുള്ള ഉദ്യോഗസ്ഥർക്കെതിരെ ലഘുശിക്ഷ ചുമത്തുന്നതിനുള്ള അധികാരം delegate ചെയ്തു നൽകാവുന്നതാണ് എന്ന് KCS (CC&A) ചട്ടങ്ങൾ ചട്ടം 13 വ്യവസ്ഥ ചെയ്യുന്നുണ്ട്.

സബോർഡിനേറ്റ് സർവ്വീസിലെ ഒരംഗത്തിനു മേൽ കഠിന ശിക്ഷ ചുമത്തുന്നതിനുള്ള അധികാരം നിയമനാധികാരിക്കോ ഏതെങ്കിലും ഉന്നതാധികാരിക്കോ സർക്കാരിനോ മാത്രം ആയിരിക്കുന്നതാണെന്നും ടി ചട്ടം വ്യവസ്ഥ ചെയ്യുന്നുണ്ട്.

ശ്രീ. വർഗ്ഗീസിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്ന സമയത്ത് "barring of increments with cumulative effect" ഒരു ലഘുശിക്ഷ ആയിരുന്നു എന്നു കാണുന്നു. മാത്രമല്ല, 1960-ലെ കെ.സി.എസ്. (സി.സി.&എ) ചട്ടങ്ങളിലെ ചട്ടം 13 2(a) (iii) പ്രകാരം ശിക്ഷ നൽകുന്നതിനുള്ള അധികാരം ശിക്ഷ വിധിക്കപ്പെടുന്ന ഉദ്യോഗസ്ഥന്റെ തൊട്ടുമുകളിലുള്ള ഗസറ്റഡ് ഉദ്യോഗസ്ഥനോ അതിനുമുകളിലുള്ള അധികാരിയിലോ നിക്ഷിപ്തമാണ്. ആയതിനാൽ സബോർഡിനേറ്റ് സർവ്വീസ് ഉദ്യോഗസ്ഥനായിരുന്ന ശ്രീ. വർഗ്ഗീസിന് പ്രസ്തുത ശിക്ഷ നൽകുന്നതിനുള്ള അധികാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കുണ്ടായിരുന്നു.

എന്നാൽ ബന്ധപ്പെട്ട രണ്ടു കേസിലും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ അധിക്ഷേപിച്ച് സംസാരിച്ചു, ഡെപ്യൂട്ടി ഡയറക്ടർ വിളിച്ചു ചേർത്ത യോഗം അലങ്കോലപ്പെടുത്തി തുടങ്ങിയ കുറ്റങ്ങൾ ചുമത്തിയാണ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. സി.ജെ. വർഗ്ഗീസിന് ശിക്ഷ വിധിച്ചിരിക്കുന്നത്. ഡെപ്യൂട്ടി ഡയറക്ടർ ഉൾപ്പെട്ട കേസുകളിൽ ടിയാൾ തന്നെ ശിക്ഷ വിധിച്ചിരിക്കുന്നത് സാമാന്യ നീതിക്ക് വിരുദ്ധമാണ്. അതുകൊണ്ടുതന്നെ ഈ വിഷയത്തിൽ അച്ചടക്ക നടപടി തീർപ്പാക്കിയ ഡെപ്യൂട്ടി ഡയറക്ടറുടെ നടപടി administrative propriety യുടെ അഭാവം കൊണ്ടുതന്നെ അനുചിതമാണെന്ന് കാണുന്നു.

ഈ സാഹചര്യത്തിൽ ശ്രീ. സി.ജെ. വർഗ്ഗീസ് സമർപ്പിച്ച അപ്പീൽ അപേക്ഷ പരിഗണിച്ച് തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്തിലെ ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ. സി.ജെ. വർഗ്ഗീസിനെതിരെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അച്ചടക്ക നടപടി തീർപ്പാക്കിക്കൊണ്ട് പുറപ്പെടുവിച്ച 31.12.1999-ലെ ഇ 5-462/96 നമ്പർ നടപടിക്രമവും ടിയാൻ ഒല്ലൂക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കെ ടിയാനെതിരെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അച്ചടക്ക നടപടി തീർപ്പാക്കിക്കൊണ്ട് പുറപ്പെടുവിച്ച 01.03.2000-ലെ ഇ 5-6746/98 നമ്പർ നടപടിക്രമവും റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

ജോയിന്റ് സെക്രട്ടറി

1. ശ്രീ. സി.ജെ. വർഗ്ഗീസ്, റിട്ടയേർഡ് പഞ്ചായത്ത് സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി, പറവട്ടാനി റോഡ് സ്ട്രീറ്റ്, ഒല്ലൂക്കര, തൃശ്ശൂർ
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (യു.ഒ റിമാർക്സ് നം.3794/ബി2/2016/ഉഭപവ തീയതി 11.04.2016 പ്രകാരം)
7. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.24916/ഇപിബി3/2014/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ